Ph: 0494-2464502, 2463155, Fax: 2460575

**ദാറുൽഹുദാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി** **جامعة دار الهدى الإسلامية، كيرالا، الهند**

# FATHIMA ZAHRA ISLAMIC WOMEN'S COLLEGE

Hidaya Nagar, Chemmad, P.B.3, P.O. Tirurangadi-676 306, Malappuram Dt., Kerala, India E-mail: mail@dhiu.in, Web.: www.dhiu.in

## ADMIT CARD

| | | |
|---|---|---|
| Roll No. | : | |
| Name of student | : | |
| Date of Birth | : | |
| Name of Father | : | |
| Panchayath | : | |
| District | : | |
| Date of Admission | : 19/07/2017 Wednesday 09:00am | Ref. No. |
| Opening | : 19/07/2017 Wednesday 09:00am | |
| Institution Contact | : 04942460256, 9072475855 | |

മാന്യരെ,

താങ്കൾക്കും കുടുംബാംഗങ്ങൾക്കും സൗഖ്യവും ക്ഷേമവുമായിരിക്കട്ടെ.

ഫാത്തിമ സഹ്റാ വനിതാ കോളേജ് സെക്കന്ററിയിലേക്ക് നടന്ന പ്രവേശന പരീക്ഷയിൽ പങ്കെടുക്കുകയും അഡ്മിഷന് തെരഞ്ഞെടുക്കാൻ മതിയായ മാർക്ക് ലഭിച്ചതിനാൽ സെലക്ഷൻ ലഭിക്കുകയും ചെയ്തവരുടെ രക്ഷിതാക്കളുടെ ശ്രദ്ധക്ക്.

19/07/2017 ന് ആയിരിക്കും വിദ്യാർത്ഥിനികളുടെ ക്ലാസ് ആരംഭം. സ്ഥാപനത്തിലെ പ്രാഥമിക നടപടികൾ പൂർത്തിയാക്കിയ ശേഷം കാലത്ത് 10 മണിക്ക് പുതിയ ബാച്ചിന്റെ ക്ലാസുദ്ഘാടനവും ശേഷം രക്ഷിതാക്കളുടെ യോഗവും നടക്കുന്നതാണ്. ആയതിനാൽ അന്നേ ദിവസം മുഴുവനായും താങ്കളുടെ സാന്നിദ്ധ്യം നിർബന്ധമായും സ്ഥാപനത്തിൽ ഉണ്ടായിരിക്കണമെന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.

അന്നേ ദിവസം ചുരുങ്ങിയത് രണ്ട് ജോഡി യൂണിഫോം (ബിസ്കറ്റ് കളർ സെൽവാറും ഷാളും കറുപ്പ് മഫ്തയും ചോക്ലേറ്റ് ബ്രൗൺ ഫുൾകൈ ഖമീസും) , സാധാരണ ഉപയോഗത്തിനുള്ള രണ്ടു ജോഡി വസ്ത്രം, ഒന്നോ രണ്ടോ വലിയ തോർത്ത് മുണ്ട്, രണ്ട് ബെഡ് ഷീറ്റ്, വെള്ള നിസ്കാരക്കുപ്പായം, ഒരു പർദ്ദ, സോക്സ്, ബ്രഷ്, സോപ്പ്, ചീർപ്പ്, പേന, പെൻസിൽ, സ്കെയിൽ, ചെറിയ ബക്കറ്റ്, കപ്പ്, സാധനങ്ങൾ സൂക്ഷിക്കാനായി പൂട്ടുള്ള പെട്ടി അല്ലെങ്കിൽ ബാഗ്, ഒരു ജോഡി ചെരുപ്പ്, ഒരു ജോഡി ലേഡീസ് ഷൂ എന്നീ സാധനങ്ങൾ കുട്ടിയുടെ കൈവശം ഉണ്ടായിരിക്കണം.

**500 രൂപ അഡ്മിഷൻ ഫീസ്** ഓഫീസിലടച്ച് രശീതി കൈപ്പറ്റേണ്ടതാണ്. കുട്ടിക്ക് ആവശ്യമായ പുസ്തകങ്ങളും മറ്റും സ്ഥാപനത്തിൽ നിന്നും നൽകുന്നതിനാൽ അതിലേക്കായി **1500 രൂപ (സ്റ്റൂഡൻസ് എക്കൗണ്ട് ഡെപ്പോസിറ്റ്)** താങ്കൾ അടക്കേണ്ടതാണ്. **കുട്ടിയുടെ ഒറിജിനൽ ജനനസർട്ടിഫിക്കറ്റ്** അന്നേദിവസം ഓഫീസിൽ ഏൽപ്പിക്കേണ്ടതും അക്നോളജ്മെന്റ് സ്ലിപ്പ് കൈപ്പറ്റി സൂക്ഷിക്കേണ്ടതുമാണ്. പ്രസ്തുത ഡോക്യുമെന്റ് എന്തെങ്കിലും ആവശ്യത്തിനു തിരിച്ചുലഭിക്കാൻ സ്ലിപ്പ് നിർബന്ധമായതിനാൽ അതു സൂക്ഷിച്ചുവെക്കേണ്ടതാണ്.

ചെയ്ൻ, വള, പാദസരം, വാച്ച്, വിലപിടിപ്പുള്ള മറ്റു സാധനങ്ങൾ, മൊബൈൽ ഫോൺ എന്നിവ കുട്ടിയുടെ ഉപയോഗത്തിനായി അനുവദിക്കുന്നതല്ല. കാശ് കൈവശം വെക്കേണ്ടതില്ല. കുട്ടിയുടെ കൈവശമുള്ള സാധനങ്ങൾ പരിശോധനക്ക് വിധേയമാക്കുന്നതും ആവശ്യമില്ലാത്തവ രക്ഷിതാവിനെ തിരിച്ചേൽപിക്കുന്നതുമായിരിക്കും.

വിദ്യാർത്ഥിനിയെ നേരിൽ കണ്ട് വിവരങ്ങളറിയാനും ലീവ് സമയത്ത് കൂട്ടികൊണ്ടുപോവാനും വരുന്ന മഹ്റമായ പുരുഷ ബന്ധുക്കളുടെ പേരുവിവരങ്ങൾ ഫോട്ടോ സഹിതം നൽകേണ്ടതുമാണ്.

നമ്മെയും കുടുംബത്തെയും സർവശക്തൻ ഇരുലോക വിജയികളിൽ ഉൾപെടുത്തട്ടെ- ആമീൻ.

*** വരുമ്പോൾ ഈ ലെറ്റർ കൊണ്ട് വരേണ്ടതാണ്. കുട്ടിയുടെ കൂടെ പുരുഷ രക്ഷിതാവ് ഉണ്ടായിരിക്കേണ്ടതാണ്.**

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| Ad. fee | SA Deposit | Original Certificate | Verification | Checking | Principal |
| | | | | | |

എന്ന്, സസ്നേഹം

**പ്രിൻസിപ്പൽ**